പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5641 03.11.2016-ൽ മറുപടിയ്ക്ക്

## അധ:സ്ഥിതരും നിരാലംബരുമായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിലേക്ക് എത്തിക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സമൂഹത്തിലെ അധ:സ്ഥിതരും നിരാലംബരുമായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിലേക്ക് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | എ) | സമൂഹത്തിലെ അധ:സ്ഥിതരും നിരാലംബരുമായ പട്ടികജാതി പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിലേക്ക് എത്തിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധം -1 ആയി ചേർക്കുന്നു. |
| ബി) | ഇതിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) | 08.07.2016-ൽ കേരള നിയമസഭയിൽ അവതരിപ്പിച്ച Alteration Memorandum പ്രകാരം പട്ടികജാതി ജന വിഭാഗങ്ങളുടെ ഉന്നമനത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.<br>1. വകുപ്പിന് കീഴിൽ പ്രവർത്തിച്ച് വരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സംസ്ഥാനത്തെ മികച്ച വിദ്യാലയങ്ങളേക്കാൾ മെച്ചപ്പെട്ട കെട്ടിട |

സൗകര്യങ്ങൾ, പഠന, താമസ സൗകര്യങ്ങളും ഭക്ഷണവും ഉറപ്പുവരുത്തുക.

2. പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ കമ്പ്യൂട്ടർ ലാബ്, മുറികളിൽ ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തുക.
3. പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിൽ കുട്ടികളുടെ പഠന സഹായത്തിന് 20 കുട്ടികൾക്ക് ഒന്ന് എന്ന തോതിൽ ട്യൂട്ടർമാരെ ഏർപ്പെടുത്തുക.
4. കേരളത്തിലെ മുഴുവൻ പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും ആധുനീകരിക്കുന്നതിന് 150 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും നീക്കിവെയ്ക്കും.
5. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ ആധുനീകരണത്തിന് 100 കോടി രൂപ വകയിരുത്തുന്നുവെന്ന പ്രഖ്യാപനം.
6. പട്ടികജാതി വിഭാഗ വിദ്യാർത്ഥികൾക്കുള്ള എല്ലാവിധ വിദ്യാഭ്യാസ ആനുകൂല്യങ്ങളും 25% വരെ ഉയർത്തും.
7. സെറ്റിൽമെന്റുകളും, പട്ടികജാതി കോളനികളും ഒരു യൂണിറ്റായി കണ്ടു കൊണ്ട് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പു വരുത്തുന്നതിന് ഒരു പാക്കേജ് തയ്യാറാക്കുമെന്നും ഈ സ്കീമിന് വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും 25 കോടി രൂപ നീക്കിവെയ്ക്കും.

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എ.ടി.എസ്.പി പദ്ധതിയിൽ നിന്നും 25 കോടി രൂപ വകയിരുത്തി ആദിവാസി മേഖലകൾക്ക് പുറത്ത് ചിന്നിചിതറി താമസിക്കുന്ന ഒറ്റപ്പെട്ട ആദിവാസികളുടെ ഉന്നമനത്തിനായി പഞ്ചായത്ത് തലങ്ങളിൽ മൈക്രോപ്ലാനുകൾ രൂപീകരിച്ച് പി.കെ. കാളൻ കുടുംബ പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും അവരുടെ ഭാഷാപ്രശ്നം പരിഹരിക്കുന്നതിനും വയനാട്ടിലെ പ്രൈമറി ക്ലാസുകളുള്ള 241 സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ഒരു ആദിവാസി ടീച്ചറെ നിയോഗിക്കുന്നതിന് 4 കോടി രൂപ കോർപ്പസ് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വികസനത്തിന് ഈ സാമ്പത്തിക വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ? | സി) | പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 2858.697 കോടി രൂപയും, പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷത്തിൽ 810.16 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്